# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം – 695 033

## വിജ്ഞാപനം

നമ്പർ: 72/2017/സം.തി.ക. തിരുവനന്തപുരം, 2017 ജൂലൈ 4

1994–ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 21–ാം വകുപ്പ് (4ബി) ഉപവകുപ്പ് പ്രകാരം ഡെപ്യൂട്ടി ചെയർപേഴ്സൺ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള ഒരു മുനിസിപ്പൽ കൗൺസിലിൽ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള രണ്ട് സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ചെയർമാൻ സ്ഥാനങ്ങളും, ഡെപ്യൂട്ടി ചെയർപേഴ്സൺ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടില്ലാത്ത ഒരു മുനിസിപ്പൽ കൗൺസിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള മൂന്ന് സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ചെയർമാൻ സ്ഥാനങ്ങളും സ്ത്രീകൾക്കായി സംവരണം ചെയ്തിരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും;

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ 2015 ഒക്ടോബർ 01 തീയതിയിലെ 124/2015/സംതിക നമ്പർ വിജ്ഞാപന പ്രകാരം കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയിലെ മുനിസിപ്പൽ കൗൺസിൽ ചെയർമാൻ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുള്ളതിനാലും;

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കേരള മുനിസിപ്പാലിറ്റി ആക്ട് (1994–ലെ 20) 21–ാം വകുപ്പ് (4 ഡി) ഉപവകുപ്പ് നൽകുന്ന അധികാരം വിനിയോഗിച്ച്കൊണ്ട്, കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ 2017–ൽ നടത്തുന്ന പൊതുതിരഞ്ഞെടുപ്പിന് ശേഷം രൂപീകരിക്കുന്ന സ്റ്റാന്റിംഗ് കമ്മിറ്റികളിൽ വികസനകാര്യം, ആരോഗ്യകാര്യം, വിദ്യാഭ്യാസ കലാ കായികകാര്യം എന്നീ സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ചെയർമാൻ സ്ഥാനങ്ങൾ സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതാണെന്ന് നിശ്ചയിച്ച് വിജ്ഞാപനം ചെയ്യുന്നു.

ഒപ്പ്

സംസ്ഥാന തിരഞ്ഞെടുപ്പ്
കമ്മീഷന്റെ കാര്യാലയം,
തിരുവനന്തപുരം-33.

വി. ഭാസ്കരൻ,
കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ.